പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1030 | 14-10-2026-ൽ മറുപടിയ്ക്ക്

<u>മത്സ്യത്തൊഴിലാളികൾ എത്തിക്കുന്ന മത്സ്യത്തിന് ന്യായവില</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. കെ. അക്ബർ | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനുമായി മുൻസർക്കാർ കൊണ്ടുവന്ന നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി കേരള സംസ്ഥാന ഫിഷറീസ് വകുപ്പ് The Kerala Fish Procurement, Marketing and Maintenance of Quality Act, 2021 എന്ന നിയമം കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് ഹാർബർ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇത്തരം ചൂഷണങ്ങൾ തടയുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

**(ബി)** മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവയ്ക്കായി നിയമപ്രകാരം വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മത്സ്യബോർഡിന് സർക്കാർ വകയിരുത്തുന്ന തുക യഥാസമയം ലഭ്യമാകുന്നതിനുള്ള ഓൺലൈൻ സംവിധാനം മത്സ്യബോർഡിൽ നടപ്പാക്കിയിട്ടില്ല. എന്നാൽ സർക്കാർ ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വകുപ്പ് അദ്ധ്യക്ഷൻ മുഖാന്തിരം മത്സ്യബോർഡിന്റെ പ്ലാൻ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ ലഭ്യമാക്കി, ട്രഷറി വകുപ്പ് മുഖേനെ ബന്ധപ്പെട്ട ഗുണഭോക്താകൾക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം മുഖാന്തിരം അനുവദിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. മത്സ്യബോർഡ് മുഖേന അനുവദിക്കുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, തണൽ, സാന്ത്വനതീരം തുടങ്ങിയ സർക്കാർ പദ്ധതികളിലൂടെയുള്ള മുഴുവൻ ധനസഹായവും ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) സംവിധാനം മുഖേനയാണ് വിതരണം ചെയ്യുന്നത്.

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY പദ്ധതി നടപ്പിലാക്കുന്നതിന് SNA SPARSH എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ പദ്ധതി തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകാനും കഴിയുന്നുണ്ട്.

സംസ്ഥാന സർക്കാർ പദ്ധതികളുടെ തുക PSTSB (പ്ലാൻ സ്കീം സേവിങ്ങ്സ് ബാങ്ക്) അക്കൗണ്ട് വഴി ലഭ്യമാക്കുന്ന രീതിയാണ് നിലവിലുള്ളത്.

**(സി)** മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ജില്ലകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് ഫീൽഡ് തല പരിശോധനകൾ നടത്തിവരുന്നുണ്ട്. പ്രതിമാസ അവലോകനവും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**